I/5175825/2022

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം.ഡിഎ1/124/2020-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 22-02-2022

<u>സർക്കുലർ</u>

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായി നിർധനരായ ഗുരുതര രോഗം ബാധിച്ചവർക്ക് ജീവൻ രക്ഷാ മരുന്നുകൾ വാങ്ങി നൽകുന്നതിന് നൽകിയ അനുമതി - നിലവിലെ സാഹചര്യത്തിൽ നടപ്പിലാക്കുന്നത് - സംബന്ധിച്ച്.

സൂചന:-

1. 30.04.2020 ലെ സ.ഉ(എം.എസ്) നം. 69/2020/തസ്വഭവ
2. 01/01/2021 ലെ ഡിഎ1/321/2020/തസ്വഭവ നമ്പർ സർക്കുലർ
3. 20.10.2021 ലെ ഡിഎ1/256/2021/തസ്വഭവ നമ്പർ സർക്കുലർ
4. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 02.12.2021 ൽ നടന്ന യോഗത്തിന്റെ തീരുമാനം 4.20, 4.21

**********************

കോവിഡിനെ നേരിടുന്നതിന്റെ ഭാഗമായി ഡയാലിസിസിന് വിധേയരാകുന്നവർ, അവയവം മാറ്റി വച്ചവർ, അർബുദ ബാധിതർ എന്നിങ്ങനെ ഗുരുതര രോഗം ബാധിച്ചവർക്ക് ആവശ്യമായ ജീവൻ രക്ഷാ മരുന്നുകൾ ഗ്രാമപഞ്ചായത്തുകളുടേയും നഗരഭരണ സ്ഥാപനങ്ങളുടേയും നിയന്ത്രണത്തിലുള്ള ആരോഗ്യ സ്ഥാപനങ്ങൾ മുഖേന വാങ്ങി നൽകാൻ സൂചന (1) പ്രകാരം അനുമതി നൽകിയിരുന്നു. ഇത് പ്രകാരം ഈ വർഷവും ഗുരുതര രോഗം ബാധിച്ചവർക്ക് മരുന്നു വാങ്ങി നൽകുന്നതിനായി പ്രൊജക്റ്റ് ഏറ്റെടുക്കുന്ന വിഷയത്തിൽ തദ്ദേശ സ്ഥാപനങ്ങൾ അനുമതി/ സ്പഷ്ടീകരണം ആവശ്യപ്പെട്ടിട്ടുണ്ട്. ടി വിഷയത്തിൽ ചുവടെ പ്രകാരം വ്യക്തത വരുത്തി നിർദ്ദേശം പുറപ്പെടുവിക്കുന്നു.

- സൂചന (2) പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേക അനുമതി നൽകിയിട്ടുള്ളത് പോലെ ഡയാലിസിസിന് പ്രതിമാസം പരമാവധി 4000/- രൂപ ചികിത്സ നൽകുന്നതിന് ആശുപത്രിക്ക് കൈമാറി ധനസഹായം നൽകാവുന്നതാണ്. SC, ST, BPL, മത്സ്യ തൊഴിലാളി കുടുംബം എന്നിവർക്ക് മുൻഗണന നൽകുന്നത് സംബന്ധിച്ച സൂചന (3) സർക്കുലറിലെ വ്യവസ്ഥകൾ പാലിക്കണം.
- പി.എച്ച്.സികളിൽ മരുന്നു ശേഖരിച്ച് പി.എച്ച്.സി ഡോക്ടർമാർ നിർദ്ദേശിക്കും പ്രകാരം രോഗികൾക്ക് മരുന്നു ലഭ്യമാക്കാൻ ക്രമീകരണം ചെയ്യാവുന്നതാണ്.
- Rhino — Orbital — Cerebral — Mucormycosis രോഗം ബാധിച്ചവർക്ക് സ്പെഷ്യാലിറ്റി ചികിത്സാ സൗകര്യമുള്ള ആശുപത്രി മുഖേനയാണ് മരുന്നുകൾ നൽകേണ്ടത് .

I/5175825/2022

ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ്

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. പഞ്ചായത്ത് ഡയറക്ടർ
7. നഗരകാര്യ ഡയറക്ടർ
8. ഗ്രാമവികസന കമ്മീഷണർ
9. എല്ലാ ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷന്മാർക്കും
10. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
11. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
12. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
13. ഡയറക്ടർ ജനറൽ, കില
14. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
15. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Sureshkumar K**
**Date: 23-02-2022 16:29:19**

സെക്ഷൻ ഓഫീസർ.

പകർപ്പ് :-

ബഹു. തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്